**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4459** **18-03-2025 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ ബാങ്കുകൾക്ക് പൊതു സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് പൊതു സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ കമ്പനികൾക്കാണ് സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് ചുമതല ഏൽപ്പിച്ചു നൽകിയതെന്നും പ്രസ്തുത കമ്പനികളുമായുള്ള കരാർ റദ്ദാക്കാൻ ഇടയായ സാഹചര്യം എന്താണെന്നും വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള ടെൻഡർ നടപടികളുടെ ഭാഗമായി ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ്, ഇവാല്യുവേഷൻ നടപടികൾ പൂർത്തീകരിക്കുകയും ടെൻഡറിൽ പങ്കെടുത്ത ഏക സ്ഥാപനമായ Tata Consultancy Service മായി കരാറിൽ ഏർപ്പെടുന്നതിനുള്ള നിർദ്ദേശം (Letter of Intent) നൽകുകയും ചെയ്തിരുന്നു. പ്രാഥമിക സഹകരണ ബാങ്കുകൾക്ക് പൊതു സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനായി നിലവിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല.<br><br>ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കേന്ദ്രസർക്കാർ നൽകുന്ന സൗജന്യ സോഫ്റ്റ്‌വെയർ ആവശ്യമില്ലെന്ന് തീരുമാനിച്ചതിന്റെ പശ്ചാത്തലം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ രാജ്യത്തെ PACS -കൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് വളരെ മുൻപേ തന്നെ കേരളം സംസ്ഥാനത്തെ PACS -കളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും, RFP പ്രകാരമുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. കേന്ദ്രം തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ കേരളത്തിലെ PACS -കളുടെ നിലവിലെ പ്രവർത്തന വൈപുല്യത്തിന് അനുസരിച്ച് പര്യാപ്തമല്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും, പ്രാഥമിക സംഘങ്ങളുടെ ബാങ്കിംഗ് ഡാറ്റാ ഉൾപ്പെടെയുള്ള വിവരങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമാണ് |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ ലഭ്യമാക്കുന്ന സൗജന്യ സോഫ്റ്റ്‍വെയർ പദ്ധതിയുടെ ഭാഗമാകാതിരുന്നത്. |
| (സി) | കേന്ദ്രസർക്കാരിന്റെ സോഫ്റ്റ്‍വെയർ സംസ്ഥാനം ഉപയോഗിക്കാതിരിക്കുകയും സ്വന്തം നിലയ്ക്ക് സോഫ്റ്റ്‍വെയർ വികസിപ്പിക്കുന്ന പ്രവൃത്തി തുടരാൻ കഴിയാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ നേരിടുന്ന പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി പരിഹാര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഏകീകൃത സോഫ്റ്റ്‍വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ